"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റിയിലെ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ തങ്ങളെ ഉൾപ്പെടുത്തണമെന്ന ആവശ്യപ്പെട്ടു കൊണ്ട് NMR ഓപ്പറേറ്റർ ആയി വിരമിച്ച ശ്രീ എം.കെ. മോഹനൻ-നും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)No.20214/2025 നമ്പർ കേസിലെ Exhibit P6 -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ - ബി) വകുപ്പ്**

സ.ഉ.(സാധാ) നം.75/2026/WRD തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. 30.10.1999 തീയതിയിലെ G.O.(MS) No.79/99/IRD.
2. ശ്രീ.ടി.പി.ടോണി ഫയൽ ചെയ്ത WP(c)No.23746/2017 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 18.03.2019 തീയതിയിലെ ഉത്തരവ്.
3. 09.11.2021 തീയതിയിലെ G.O.(Rt)No.583/2021/WRD.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 08.06.2023 തീയതിയിലെ KWA-JB/514/2023-E3 നമ്പർ കത്ത്.
5. ശ്രീ എം.കെ. മോഹനൻ-നും മറ്റുള്ളവരും ഫയൽ ചെയ്ത WP(c)No.20214/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 12.08.2025 തീയതിയിലെ ഇടക്കാല ഉത്തരവ്.
6. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 17.08.2025, 19.01.2026 തീയതികളിലെ KWA-JB/514/ 2023-E3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും NMR ഓപ്പറേറ്റർ ആയി വിരമിച്ച ശ്രീ.എം.കെ. മോഹനൻ-നെയും മറ്റുള്ളവരെയും 22.05.1995 തീയതിയായി കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ അബ്സോർബ് ചെയ്ത് സർവ്വീസിൽ റെഗുലറൈസ് ചെയ്യണം എന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത WP(C)No.20214/2025 നമ്പർ കേസിൽ ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (5) ഇടക്കാല ഉത്തരവിൻ പ്രകാരം റിട്ട് പെറ്റീഷനിലെ Exhibit P6 ആയ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ പരാമർശം (4) കത്ത് പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ഉത്തരവാകുകയുണ്ടായി.

2) കേരള വാട്ടർ അതോറിറ്റിയിൽ CLR കാറ്റഗറിയിൽ സേവനം അനുഷ്ഠിച്ച ശേഷം NMR ആയി റെഗുലറൈസ് ചെയ്ത ജീവനക്കാരിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം റെഗുലർ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്ക് ഉൾപ്പെടുത്തിയവരിൽ 22.05.1995 തീയതി മുതൽ റെഗുലറൈസ് ചെയ്ത ചില ജീവനക്കാർ ഈ സ്ഥിരം തസ്തികയിലേക്കുള്ള നിയമനം സ്വീകരിക്കാതെ NMR ഓപ്പറേറ്ററായി തുടരുകയും അവർ സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ഒരു ജീവനക്കാരനായ ശ്രീ.ടി.പി.ടോണി സർവ്വീസിൽ റെഗുലറൈസ് ചെയ്യണം എന്ന ആവശ്യം ഉന്നയിച്ച് ഫയൽ ചെയ്ത WP(C)No. 23746/2017 നമ്പർ കേസിലെ പരാമർശം (2) ഉത്തരവ് സർക്കാർ പരിശോധിക്കുകയും, ടിയാനെ ഓപ്പറേറ്റർ

തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള യോഗ്യതയില്ല എന്നതിനാൽ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.ടി.പി.ടോണി-യുടെ ആവശ്യം നിരസിച്ച് കൊണ്ട് ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് നടപ്പാക്കി ഉത്തരവാകുകയുണ്ടായി.

3) പരാമർശം (2) ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത റെഗുലറൈസ് ചെയ്യാൻ ബാക്കിയുള്ള ജീവനക്കാരുടെ കാര്യത്തിൽ വ്യക്തത ആവശ്യപ്പെട്ട് കൊണ്ടു കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സ്പഷ്ടീകരണത്തിനായി അപേക്ഷിച്ചിരുന്നു .

4) പരാമർശം (1) ഉത്തരവ് പ്രകാരം റെഗുലറൈസ് ചെയ്യുന്നതിന്, 22.05.1995-നു NMR കാറ്റഗറിയിൽ 5 വർഷം സേവനം അനുഷ്ഠിക്കുകയും, സ്പെഷ്യൽ റൂൾസിൽ പറയുന്ന യോഗ്യത ഉണ്ടായിരിക്കുകയും വേണം. 14.10.1966 ലെ G.O(P)No.403 പ്രകാരമുള്ള ടെക്നിക്കൽ സ്പെഷ്യൽ റൂൾസ്-ൽ ഓപ്പറേറ്റർ തസ്തികയിലെ യോഗ്യതകൾ താഴെ പറയുന്നവയാണ്.

- Minimum general educational qualification of the S.S.L.C. Standard.
- Experience in Automobile Engineering or experience in operating Pumping Plants and Electrical Machinery.

എന്നാൽ 1966 ലെ ടെക്നിക്കൽ സ്പെഷ്യൽ റൂൾസ്-ന്റെ ഭേദഗതിയായ 21.05.1979 ലെ GO(P)No.86/79/L.A&SWD പ്രകാരം ഓപ്പറേറ്റർ തസ്തികയിൽ യോഗ്യത താഴെപ്പറയുന്നവയാണ്.

- "Qualification required for appointment as operator in KWA is fixed as a pass in SSLC & NTC in MMV/Electrician".

5) റെഗുലറൈസ് ചെയ്യാൻ അവശേഷിക്കുന്ന ചുവടെ ചേർക്കുന്ന 5 ജീവനക്കാരും NMR കാറ്റഗറിയിൽ 5 വർഷം സേവനം അനുഷ്ഠിച്ചിരുന്നുവെന്ന് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്യുകയും, അവരുടെ യോഗ്യത സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കുകയും ചെയ്തു.

| Sl. No. | Name | Date of Birth | Qualification | Date of Promotion in NMR category | Category of Regularisation Sought | Retired on | Whether th incumbent has acquire the prescribed Qualificatio or not |
|---|---|---|---|---|---|---|---|
| 1 | Sri.Abdul Razeed.M.M | 04.01.1962 | S.S.L.C., Electrician (ITI) | 16.08.1991 | Operator | 31.01.2018 | Yes |
| 2 | Sri.K.M.Gopalan | 15.07.1960 | S.S.L.C., ITI Wireman | 16.08.1991 | Operator | 31.07.2016 | No |
| | Sri.P.R. Mohan | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | Kumar | 13.03.1955 | Std V | 02.05.1991 | Operator | 31.03.2011 | No |
| 4 | Sri.T.K. Ramesan | 14.09.1954 | S.S.L.C Failed | 02.05.1991 | Operator | 31.03.2010 | No |
| 5 | Sri.M.K.Mohanan | 23.04.1961 | S.S.L.C, NTC Plumber | 16.08.1991 | Operator | 30.04.2017 | No |

6) ശ്രീ. അബ്ദുൽ റഷീദ് എം.എം.-ന്റെ സേവന പുസ്തകം അനുസരിച്ച് 22.05.1990 മുതൽ NMR ഓപ്പറേറ്റർ ആയി ടിയാൻ സേവനം അനുഷ്ഠിച്ചിരുന്നുവെന്നും, ടിയാൻ തസ്തികയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർമശം (6) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ ലിസ്റ്റിൽ അവശേഷിക്കുന്ന നാല് പേരുടെ സർവീസ് ബുക്ക് പരിശോധിച്ചതിൽ ചട്ട പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത ഉള്ളതായി കണ്ടെത്താനായില്ലായെന്നും ആയതിനാൽ മേൽ പരാമർശിച്ച ക്രമ നമ്പർ 2 മുതൽ 5 വരെയുള്ളവരെ ഓപ്പറേറ്റർ തസ്തികയിൽ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലായെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ പരാമർശം (4), (6) കത്തുകൾ പരിശോധിച്ചതിൽ നിയമ പ്രകാരമുള്ള യോഗ്യത ഇല്ലാത്തതിനാൽ ക്രമനമ്പർ 2 മുതൽ 5 വരെയുള്ളവരെ ഓപ്പറേറ്റർ തസ്തികയിൽ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെടുത്തണം എന്ന ആവശ്യം നിരസിച്ച് കൊണ്ടും, ക്രമനമ്പർ 1-ലെ ശ്രീ.അബ്ദുൾ റഷീദ് എം.എം-ന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ചട്ടപ്രകാരം ടിയാനെ ഓപ്പറേറ്റർ തസ്തികയിൽ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെടുത്തുന്ന വിഷയം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്നും തീരുമാനം കൈക്കൊണ്ട് WP(C)No.20214/2025 നമ്പർ കേസിലെ Exhibit P6-ന്മേൽ നടപടി തീർപ്പാക്കി പരാമർശം (5) -ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹസീന പി. എസ്
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, കേരളം. (ആമുഖ കത്ത് സഹിതം)
2. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
3. ശ്രീ. എം.കെ മോഹനൻ, മൂശാരിപറമ്പിൽ, പി.ഒ ചാലക്കുടി, തൃശ്ശൂർ -680307
4. ശ്രീ. കെ.എം.ഗോപാലൻ, കാട്ടുകണ്ടത്തിൽ ഹൗസ്, പി.ഒ, വരന്തരപള്ളി, തൃശ്ശൂർ -680303
5. ശ്രീ. എം.എം. അബ്ദുൾ അസീസ് , മുടവൻകാട്ടിൽ, പി.ഒ കരുപടന്ന, തൃശ്ശൂർ -680670
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
7. ഐ.&പി.ആർ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
8. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
സെക്ഷൻ ഓഫീസർ
Date: 22-01-2026 16:49:04